A

602

# സമഗ്രശിക്ഷാ കേരളം

## വാർഷിക മൂല്യനിർണ്ണയം 2023-2024

## മലയാളം

## കേരള പാഠാവലി

ക്ലാസ് : 6 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

വിടർന്നു വരുന്ന ഒരു വാഴയുടെ കൂമ്പുപോലെ ഞാൻ എന്റെ ചെറിയ കണ്ണുകൾ തുറന്ന് ചുറ്റുമുള്ള കാഴ്ചകൾ നോക്കി രസിക്കാൻ ആരംഭിച്ച കാലത്ത് ഒരു ദിവസം രാവിലെ സ്കൂളിൽ ചെന്നപ്പോൾ കേട്ടു, ഞങ്ങളുടെ ജാനമ്മ ടീച്ചർ സ്കൂളിൽ നിന്നു പിരിഞ്ഞുപോകുന്നു! ആദ്യം ഞാനതു വിശ്വസിച്ചില്ല. എനിക്കവരെ വലിയ ഇഷ്ടമായിരുന്നു. അതുകൊണ്ട് ഞാൻ വിചാരിച്ചു, അമ്മുക്കുട്ടി കളവു പറഞ്ഞതായിരിക്കും. അല്ലാതെ ജാനമ്മ ടീച്ചർ എവിടെയും പോവുകയില്ല. പോവുകയോ? നല്ല കഥ! എവിടേയ്ക്ക്? എന്തിന്?

ഇനി അഥവാ പോവുകയാണെങ്കിൽ, അതോർത്തപ്പോൾ സങ്കടം തോന്നി. സ്നേഹം നിറഞ്ഞ ഒട്ടേറെ അനുഭവങ്ങൾ ഓർമ്മിക്കുവാനുണ്ടായിരുന്നു എനിക്ക്.

*തിന്നുവാൻ പറ്റാത്ത ബിസ്ക്കറ്റ് - ടി. പത്മനാഭൻ*

എ) 'വിടർന്നു വരുന്ന വാഴയുടെ കൂമ്പ്' എന്ന പ്രയോഗം എന്തിനെ സൂചിപ്പിക്കുന്നു?

(കണ്ണ്, പ്രഭാതം, കാഴ്ച)

ബി) എനിക്കവരെ വളരെ ഇഷ്ടമായിരുന്നു. ആരെ?

(അമ്മുക്കുട്ടിയെ, ജാനമ്മ ടീച്ചറിനെ, വാഴകളെ)

സി) ആദ്യം ഞാനതു വിശ്വസിച്ചില്ല. എന്ത്?

(അമ്മുക്കുട്ടി കളവ് പറഞ്ഞത്, ജാനമ്മ ടീച്ചർ പിരിഞ്ഞ് പോവുന്നത്, ചുറ്റിനുമുള്ള കാഴ്ചകൾ കണ്ടത്)

ഡി) അമ്മുക്കുട്ടി കളവ് പറഞ്ഞതായിരിക്കാം എന്ന് ചിന്തിക്കാൻ കാരണം എന്ത്?

(ജാനമ്മ ടീച്ചറിനെ ഇഷ്ടമായിരുന്നതിനാൽ, അമ്മുക്കുട്ടിയെ ഇഷ്ടമല്ലാത്തതിനാൽ, മറ്റാരും സ്നേഹിക്കാത്തതിനാൽ)

ഇ) 'സ്നേഹം നിറഞ്ഞ ഒട്ടേറെ അനുഭവങ്ങൾ ഓർമ്മിക്കുവാനുണ്ടായിരുന്നു എനിക്ക്.' അവ ഓർമ്മിച്ചപ്പോൾ ഉണ്ടായ വികാരം എന്ത്?

(സന്തോഷം, കാരുണ്യം, സങ്കടം)

**പ്രവർത്തനം 2**

എ) **ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക**

***അറിയാനുള്ളത്***

കാറ്റിനോട് ഒരു കഥ കൂടി
ചോദിച്ചറിയണമെന്നുണ്ട്.
കടലിനൊപ്പം കരയണമെന്നും
ആകാശത്തോട് ഒരാശപറയണമെന്നും!
ആ ചില്ലയിലെ
അണ്ണാറക്കണ്ണനോട്
ഒരു പുതിയ പഴത്തിന്റെ രുചിയറിയണം
സ്ഫടികപ്പാത്രത്തിലെ
പരൽമീനുകളോട്
പുഴയുടെ സ്വപ്നമറിയണം!
ഒറ്റയ്ക്കിരിക്കാൻ നേരമില്ലാത്തതിനാൽ
നാവിൽ നാട്ടുഭാഷ വിടരാത്തതിനാൽ
ഓരോന്നും വഴിയിലുപേക്ഷിച്ച്
ഞാൻ പാഞ്ഞുപോകുന്നു.

*അഭിരാമി*

'സാധ്യമെന്ത്? എന്ന കവിതയിലെ വരികൾ നിങ്ങൾ ആസ്വദിച്ചതാണല്ലോ. 'അറിയാനുള്ളത്' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

ബി) 'ആകാശം' എന്ന് അർഥം വരുന്ന പദം ഏത്?

(വാനം, വാഹിനി, മുകിൽ)

**പ്രവർത്തനം 3**

എ) **വിശകലനക്കുറിപ്പ്**

എല്ലാ കിണറും വറ്റിയിരിക്കുന്നു.
കുളവും കൈത്തോടും പുഴയും വറ്റിയിരിക്കുന്നു.
കടവിൽ കയറ്റിവച്ചിരിക്കുന്ന കടത്തുവള്ളത്തിന്റെ
പിരിഞ്ഞ അമരത്ത് ഒന്നും ചെയ്യാനില്ലാതെ
മുട്ടിന്നിടയിൽ തല തിരുകിയിരിക്കുന്ന
കടത്തുകാരനെ ഞാൻ കണ്ടു.
നദിക്കരയിലെ വരണ്ട മണലിന്റെ മുനകളിൽ
അവന്റെ കണ്ണുകൾ ഉടക്കിക്കിടക്കുന്നു.

ശാന്ത - കടമ്മനിട്ട

പുഴകൾ വറ്റിയാൽ മനുഷ്യജീവിതം വറ്റുന്നു; മനുഷ്യവംശത്തിൽ നിന്നു സംസ്കാരം ഊർന്നു പോകുന്നു.

പുഴകൾ ദേവതകൾ - എൻ.പി. മുഹമ്മദ്

കടമ്മനിട്ട അവതരിപ്പിക്കുന്ന പുഴയുടെ ദൈന്യതയും എൻ.പി. മുഹമ്മദിന്റെ അഭിപ്രായവും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ബി) മാതൃകപോലെ മാറ്റിയെഴുതുക.

മര + പലക - മരപ്പലക

__________ - വെള്ളപ്പരപ്പ്

**പ്രവർത്തനം 4 - ഉപന്യാസം**

കെട്ടുകല്യാണം അനാചാരമാണെന്നും അതിനു വേണ്ടിയുള്ള ആർഭാടവും ധൂർത്തും ഉപേക്ഷിക്കണമെന്നും ശ്രീനാരായണഗുരു ജനങ്ങളോട് പറഞ്ഞത് നാം പാഠഭാഗത്തു കണ്ടല്ലോ.

ഇന്നത്തെക്കാലത്ത് നമ്മുടെ നാട്ടിൽ നടക്കുന്ന വിവാഹാഘോഷങ്ങളിൽ സ്ത്രീധനമുൾപ്പെടെ അനാവശ്യമായ ആർഭാടവും ധൂർത്തും അതുമൂലമുണ്ടാകുന്ന ദുരന്തങ്ങളും നാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്.

'വിവാഹാഘോഷങ്ങളിലെ അനാവശ്യ ആഡംബരം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**പ്രവർത്തനം 5**

**എ) വർണ്ണന**

സന്ധ്യയ്ക്ക് ആകാശത്ത് മേഘങ്ങൾ പല ചിത്രങ്ങൾ വരയ്ക്കുന്നു. പക്ഷികൾ കൂട്ടിലേയ്ക്ക് മടങ്ങണമെന്നു മോഹിച്ചിട്ടും പറന്നു മതിയാകാതെ പിന്നെയും ചുറ്റിപ്പറ്റുന്നു; കളിച്ചു മതിയാകാത്ത കുട്ടികളെപ്പോലെ. "ഇനി നിങ്ങൾ പോകൂ... ഇരുട്ടാകുന്നു" എന്ന് കടൽ ഓർമ്മിപ്പിക്കുന്നു. എന്നിട്ടും ജനക്കൂട്ടം കടൽക്കരയിൽ തന്നെ തുടരുന്നു.

സന്ധ്യാനേരത്തെ കടൽത്തീരത്തെക്കുറിച്ചുള്ള ഒരു വർണ്ണനയാണിത്.

ഇരുവശവും നിറയെപ്പൂത്തുലഞ്ഞ മരങ്ങളുള്ള ഒരു നാട്ടിടവഴിയുടെ പ്രഭാതക്കാഴ്ചയെക്കുറിച്ച് വർണ്ണന തയ്യാറാക്കുക.

ബി) 'വിക്ടോറിയ വെള്ളച്ചാട്ടം' എന്ന പാഠഭാഗം എസ്.കെ. പൊറ്റെക്കാട്ടിന്റെ ഏതു കൃതിയിൽ നിന്നെടുത്തതാണ്?

(പാതിരാസൂര്യന്റെ നാട്ടിൽ, കാപ്പിരികളുടെ നാട്ടിൽ, നൈൽ ഡയറി)

**പ്രവർത്തനം 6 - സംഭാഷണം**

'പുഴ' എന്ന പാഠത്തിൽ കല്ലായിപ്പുഴയെ നിങ്ങൾ അടുത്തറിഞ്ഞിട്ടുണ്ടല്ലോ. സ്കൂളിൽ നിന്നു പഠനയാത്ര പോയപ്പോൾ നിങ്ങൾ കല്ലായിപ്പുഴയോട് കിന്നാരം പറഞ്ഞു, പുഴ തിരിച്ചും. നിങ്ങൾ പല വിശേഷങ്ങളും കൈമാറി. നിങ്ങൾ തമ്മിൽ നടന്നേക്കാവുന്ന സംഭാഷണം സങ്കല്പിച്ചെഴുതുക. (കുറഞ്ഞത് അഞ്ചു സംഭാഷണങ്ങളെങ്കിലും വേണം)